# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5132** | **22/5/2017** -ലെ മറുപടി

## ദേശീയ ഗ്രാമീണ കുടിവെള്ള (എൻ.ആർ.ഡി.ഡബ്ല്യൂ.പി) പദ്ധതി

### ചോദ്യം

ശ്രീ. കെ.കൃഷ്ണൻകുട്ടി

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ കുടിവെള്ള (എൻ.ആർ.ഡി.ഡബ്ല്യൂ.പി) പദ്ധതിയുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക വിനിയോഗിച്ച തുക എന്നിവ സഹിതം ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കുമോ;

### മറുപടി

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) എൻ.ആർ.ഡി.ഡബ്ല്യൂ.പി പദ്ധതിയിൽ ഉൾപ്പെടുത്തി 2009-10 മുതൽ 2016-17 വരെയുള്ള കാലയളവിൽ കേന്ദ്രസഹായത്തോടെയുള്ള 242 പദ്ധതികൾക്ക് അനുമതി നൽകുകയുണ്ടായി. കൂടാതെ ഈ കാലയളവിൽ മുൻവർഷങ്ങളിലുൾപ്പെടെ കേന്ദ്രസഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളിൽ 131 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ പദ്ധതികളിലൂടെ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ ഏകദേശം 29 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. നിലവിൽ (2016-17) കേന്ദ്രസഹായത്തോടെ ഏറ്റെടുത്തിട്ടുള്ള 188 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നുണ്ട്. മേൽ പദ്ധതികളുടെ പൂർത്തീകരണത്തിലൂടെ സംസ്ഥാനത്ത് ഗ്രാമീണമേഖലയിലെ കൂടുതൽ പ്രദേശങ്ങളിൽ ശുദ്ധീകരിച്ച ജലം ലഭ്യമാക്കാനും കൂടുതൽ പ്രദേശങ്ങളിലേക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാനും സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ ദേശീയ ഗ്രാമീണ കുടിവെള്ളപദ്ധതിയിലുൾപ്പെടുത്തി സ്രോതസ്സുകളുടെ സംരക്ഷണം, ശുദ്ധജലം സംരക്ഷിക്കുന്നതു സംബന്ധിച്ചുള്ള പരിശീലന ബോധവൽക്കരണ പരിപാടികൾ, കംപ്യൂട്ടറൈസേഷൻ എന്നിവയും നടപ്പിലാക്കിവരുന്നു. ഇതിലെ പരിശീലന ബോധവൽക്കരണ പരിപാടികൾ, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള CCDU, ശുചിത്വമിഷൻ എന്നി

സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കി വരുന്നത്.

എൻ.ആർ.ഡി.ഡബ്ല്യൂ.പി ക്ക് 2009-10 മുതൽ 2016-17 വരെ ലഭിച്ച തുകയുടെയും വിനിയോഗിച്ച തുകയുടെയും കണക്ക് അനുബന്ധം (1) ആയി ചേർക്കുന്നു.

പ്രസ്തുത കാലയളവിൽ ചെലവഴിച്ച കേന്ദ്ര വിഹിതത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. കേന്ദ്രസഹായത്തോടെയുള്ള ഗ്രാമീണകുടി വെള്ള പദ്ധതികൾക്കുള്ള സംസ്ഥാനവിഹി തമുൾപ്പെടെ ഗ്രാമീണകുടിവെള്ള പദ്ധതി കൾക്കായി സംസ്ഥാന സർക്കാർ പ്രസ്തുത കാലയളവിൽ 2487.3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ പോകുന്ന പദ്ധതികൾ എന്തൊക്കയാണെന്നും ഇതിനുള്ള കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണെന്നും വിശദമാക്കുമോ?

(ബി) 2017-18 സാമ്പത്തികവർഷം കേന്ദ്രവിഹി തമായി സംസ്ഥാനത്തിന് 48.76 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ സംസ്ഥാനസർക്കാരിന്റെ വിഹിതമായി 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്തതനുസരിച്ച് 2017-18 സാമ്പത്തിക വർഷം കേന്ദ്രസസഹായത്തോടെ ഏറ്റെ ടുത്തിട്ടുള്ള 50-ൽ പരം പദ്ധതികൾ പൂർത്തീ കരിക്കാൻ സാധിക്കുമെങ്കിലും ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് നടന്നുവരുന്ന പദ്ധതി കളുടെ എണ്ണം പരിമിതപ്പെടുത്തേണ്ടതാ യിട്ടുണ്ട്.

എന്നാൽ ദേശീയ ഗ്രാമീണകുടിവെള്ള പദ്ധതി നിർവ്വഹണത്തിനുള്ള കേന്ദ്രവിഹി തത്തിലുണ്ടായ കാര്യമായ കുറവ് പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് തടസ്സമായി രിക്കുകയാണ്. ഇതു കാരണം 2016-17 സാമ്പത്തിക വർഷം ദേശീയഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല. നിലവിൽ സൻസദ് ആദർശ് ഗ്രാമ യോജന പഞ്ചായത്തുകൾ, ഫ്ലൂറൈഡ് ആർസനിക് ബാധിത പ്രദേശങ്ങൾ, വെളിമ്പ്രദേശ മലവിസർജ്ജനരഹിത പ്രദേ ശങ്ങൾ എന്നിവിടങ്ങളിലേക്ക് മാത്രമേ ദേശീയ ഗ്രാമീണകുടിവെള്ള പദ്ധതി

ലുൾപ്പെടുത്തി കേന്ദ്രസർക്കാർ പുതിയ
പദ്ധതികൾ അനുവദിക്കുന്നുള്ളൂ.
ഈ സാഹചര്യത്തിൽ വെളിമ്പ്രദേശ
മലവിസർജ്ജനരഹിത പ്രദേശങ്ങളിൽ
കുടിവെള്ള പദ്ധതികൾക്ക് മുൻഗണന
നൽകണമെന്ന കേന്ദ്രസർക്കാരിന്റെ മാർഗ
നിർദ്ദേശമനുസരിച്ച് സംസ്ഥാനത്ത് നടന്നു
വരുന്ന കേന്ദ്രസഹായ ത്തോടെയുള്ള
പദ്ധതികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള
നിയന്ത്രണം ഒഴിവാക്കി ആവശ്യമായ
കേന്ദ്രവിഹിതം ലഭ്യമാക്കണമെന്ന് കേന്ദ്ര
സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.
എന്നാൽ ഇതു സംബന്ധിച്ച് ഇതുവരെയും
അനുകൂലമായ തീരുമാനമുണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ

JSK/

അനുബന്ധം 1

## Achievements under NRDWP

| Sl. No. | Year | Release in crore (Central) | OB (Including Dis-allowance, Interest etc.) in crore | Total Fund (Central) | Expenditure in crore (Central) |
|---|---|---|---|---|---|
| 1 | 2009-10 | 151.89 | 3.09 | 154.98 | 150.99 |
| 2 | 2010-11 | 140.37 | 4.94 | 145.31 | 137.97 |
| 3 | 2011-12 | 118.07 | 6.19 | 124.26 | 124.01 |
| 4 | 2012-13 | 249.04 | 30.63 | 279.67 | 199.93 |
| 5 | 2013-14 | 212.04 | 83.39 | 295.43 | 273.81 |
| 6 | 2014-15 | 124.1 | 22.41 | 146.51 | 135.54 |
| 7 | 2015-16 | 48.05 | 22.12 | 70.17 | 66.18 |
| 8 | 2016-17 | 75.22 | 3.99 | 79.21 | 75.28 |
| **Total** | | **1118.78** | **176.76** | **1295.54** | **1163.71** |

## NRDWP - District-wise Expenditure Statement of Central fund during the period from 2009-10 to 2016-17

(₹ *in Crore)*

| Sl. No. | District | 2009-10 | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 |
|---|---|---|---|---|---|---|---|---|---|
| 1 | Thiruvananthapuram | 10.30 | 6.79 | 12.30 | 13.17 | 19.51 | 6.53 | 7.21 | 5.55 |
| 2 | Kollam | 16.79 | 11.54 | 10.48 | 14.82 | 23.43 | 11.36 | 1.54 | 0.87 |
| 3 | Pathanamthitta | 8.54 | 4.45 | 10.56 | 5.86 | 21.53 | 7.13 | 2.27 | 5.24 |
| 4 | Alappuzha | 0.45 | 4.52 | 8.19 | 24.93 | 17.86 | 1.69 | 0.93 | 1.41 |
| 5 | Kottayam | 27.60 | 16.88 | 23.66 | 22.89 | 8.88 | 7.99 | 7.90 | 9.86 |
| 6 | Idukki | 15.14 | 18.44 | 5.29 | 14.50 | 31.10 | 15.65 | 2.17 | 8.02 |
| 7 | Ernakulam | 6.03 | 3.48 | 5.26 | 2.94 | 13.30 | 15.41 | 1.17 | 1.08 |
| 8 | Thrissur | 9.31 | 3.28 | 3.22 | 3.56 | 1.35 | 0.29 | 1.25 | 1.16 |
| 9 | Palakkad | 3.87 | 4.14 | 6.09 | 1.23 | 23.11 | 13.77 | 14.86 | 8.48 |
| 10 | Malappuram | 6.92 | 8.09 | 11.81 | 20.06 | 25.17 | 12.67 | 7.87 | 12.52 |
| 11 | Kozhikkod | 1.19 | 4.98 | 3.46 | 17.52 | 21.95 | 5.58 | 0.34 | 0.86 |
| 12 | Wayanad | 0.17 | 0.00 | 6.48 | 4.71 | 2.35 | 0.52 | 0.03 | 0.20 |
| 13 | Kannur | 0.93 | 0.15 | 4.76 | 0.44 | 2.09 | 5.96 | 1.51 | 3.08 |
| 14 | Kasaragod | 0.86 | 0.30 | 0.51 | 4.41 | 13.07 | 2.93 | 3.28 | 1.32 |
| 15 | O&M (State-wise) | 15.28 | 14.04 | 11.94 | 36.85 | 30.64 | 17.93 | 6.79 | 10.47 |
| 16 | Support & WQM &SP (State-wise) | 1.32 | 3.54 | 0.00 | 7.88 | 8.45 | 5.46 | 4.28 | 5.17 |
| 17 | Others (State-wise) | 26.29 | 33.34 | 0.00 | 4.15 | 10.03 | 4.68 | 2.78 | 0.00 |
| | **Total** | **150.99** | **137.96** | **124.01** | **199.92** | **273.82** | **135.55** | **66.18** | **75.28** |

ഡെപ്യൂട്ടി സെക്രട്ടറി